**നവകേരളം കർമ്മപദ്ധതി**
കേരള സർക്കാർ

**07.06.2021**

## <u>പത്രക്കുറിപ്പ്</u>

# ശംഖുംമുഖത്ത് പാനിപ്പൂരി ഇനി സ്റ്റീൽ പ്ലേറ്റിൽ

- **സമുദ്രതീര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹരിതടൂറിസം ക്യാമ്പയിന് ലോക സമുദ്ര ദിനത്തിൽ തുടക്കം**
- **തിരുവനന്തപുരം ജില്ലയിൽ ശംഖുംമുഖവും വർക്കല പാപനാശവും ശുചീകരിക്കും ശംഖുംമുഖത്ത് ഹരിതടൂറിസം പദ്ധതിയ്ക്ക് ജൂൺ 8 ന് തുടക്കം**

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലോക സമുദ്രദിനത്തോടനുബന്ധിച്ച് സമുദ്രതീര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹരിത ടൂറിസം ക്യാമ്പയിന് ബുധനാഴ്ച (ജൂൺ 8 ബുധൻ) തുടക്കം കുറിക്കുന്നു. സംസ്ഥാനത്തെ വിവിധ കടൽത്തീര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹരിതടൂറിസം സാദ്ധ്യമാക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ശുചിത്വമിഷൻ, വിവിധ സന്നദ്ധ സംഘടനകൾ, വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ശംഖുംമുഖം ബീച്ചിലും വർക്കല പാപനാശം കടൽത്തീരത്തും ബുധനാഴ്ച ഏകദിന ശുചീകരണ പ്രവർത്തനം സംഘടിപ്പിക്കും. തീരങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കി ഹരിതതീര വിനോദ സഞ്ചാര കേന്ദ്രമാക്കി നിലനിർത്തുകയാണ് ആദ്യഘട്ടം. ഇതിന്റെ ഭാഗമായി ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കിന് ബീച്ചിൽ നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശംഖുംമുഖത്തെ മാതൃകാ ബീച്ച് ഡെസ്റ്റിനേഷനായി പുനഃസ്ഥാപിക്കാനും മുൻകാല പ്രതാപത്തിലെത്തിക്കാനും ലക്ഷ്യമിട്ടാണ് **ശംഖുംമുഖം ഹരിത ടൂറിസം പദ്ധതി** നടപ്പിലാക്കുന്നത്. തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ ഹരിത കേരളം മിഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ശുചിത്വമിഷൻ, സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, കുടുംബശ്രീ പ്രവർത്തകർ, ശംഖുംമുഖത്തെ കച്ചവടക്കാർ, പ്രദേശവാസികൾ എന്നിവരെ ഉൾപ്പെടുത്തി ജനകീയ ക്യാമ്പയിൻ രൂപത്തിലാണ് പദ്ധതി നടപ്പിലാക്കുക. ബുധനാഴ്ച (08.06.2022) രാവിലെ 8 മണിക്ക് ബഹു. ഗതാഗത വകുപ്പ്മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ബഹു. പൊതു മരാമത്ത് ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് ശംഖുംമുഖം സമുദ്രടൂറിസം പദ്ധതി പ്രഖ്യാപനവും ട്രാക്ക്ലെസ് ട്രയിൻ സർവ്വീസ് ഉദ്ഘാടനവും നിർവഹിക്കും. ബീച്ചിലെ നവീകരിച്ച ചാച്ചാ നെഹ്റു പാർക്കിന്റെ ഉദ്ഘാടനം ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഹരിത ടൂറിസം സംയുക്ത ശുചീകരണ പ്രഖ്യാപനം നടത്തും. ബീച്ചിലെ മാലിന്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വഴിയോരക്കച്ചവട തൊഴിലാളി യൂണിയൻ സി.ഐ.ടി.യു. സ്പോൺസർ ചെയ്ത 40 വേസ്റ്റ് ബിന്നുകളുടെ വിതരണവും പാനിപ്പൂരി കച്ചവടക്കാർക്ക് ഒറ്റത്തവണ ഉപയോഗിച്ച് ഒഴിവാക്കുന്ന പ്ലേറ്റുകൾക്ക് പകരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് സ്പോൺസർ ചെയ്ത 2000-ത്തോളം സ്റ്റീൽ പ്ലേറ്റുകളുടെ വിതരണവും നടക്കും. ശംഖുംമുഖത്തും വർക്കലയിലും നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകൾ, എൻ.സി.സി., എൻ.എസ്.എസ്., സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരുൾപ്പെടെ വൻ ജനപങ്കാളിത്തമുണ്ടാകുമെന്ന് നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ അറിയിച്ചു.